E1/7879/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 11.05.2021

**പരിപത്രം**

വിഷയം:- കോ.വി.വ -എയ്ഡഡ് കോളേജ് -അനധ്യാപക ജീവനക്കാര്യം - ഭിന്നശേഷി സംവരണം - നടപ്പിലാക്കുന്നത്- സംബന്ധിച്ച്

സൂചന :- ജി.ഒ (എം.എസ്) 96/ 2021/hedn തിയ്യതി 15/ 02/ 2021

*********

സർക്കാരിന്റെ ജി.ഒ (എം.എസ്) 96/ 2021/hedn തിയ്യതി 15/ 02/ 2021 ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാർക്ക് 07/02/1996 മുതൽ നിയമനത്തിന് സംവരണം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 07/02/1996 മുതൽ 18/04/2017 വരെയുള്ള കാലയളവിൽ എയ്ഡഡ് കോളേജുകളിൽ അനധ്യാപക തസ്തികകളിൽ പ്രവേശന തസ്തികയിൽ ഉണ്ടായ ഒഴിവിൽ ഭിന്നശേഷിക്കാർക്ക് 3% സംവരണവും 19/04/2017 മുതൽ 4% സംവരണവും നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ അടിയന്തിരമായി സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ മേല്പറഞ്ഞ കാലയളവിൽ ഉണ്ടായ ഒഴിവുകൾ കണ്ടെത്തുകയും കണ്ടെത്തിയ ബാക്‌ലോഗ് ഒഴിവുകൾ സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരം നിലവിലുള്ള ഒഴിവുകൾ/ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം പാലിച്ചുകൊണ്ട് നിയമനം നൽകേണ്ടതുണ്ട്.

ആയതിനാൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എയ്ഡ് കോളേജുകളിൽ മേൽ പറഞ്ഞ കാലയളവിലെ ഒഴിവുകൾ കണ്ടെത്തി ബാക് ലോഗ് ഒഴിവുകളായി സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരം ഭിന്നശേഷിക്കാർക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

Approval Valid

Digitally Approved By
ഡോ. ജോതിരാജ്. എം
Date: 11.05.2021
Reason: Approved

ഒപ്പ്/-
**ഡോ. ജോതിരാജ്. എം**
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡെപ്യൂട്ടി ഡയറക്ടർ, കോ.വി.വ വകുപ്പ് - കൊല്ലം , കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ( എല്ലാ എയ്ഡഡ് കോളേജ് മാനേജർമാർ/ പ്രിൻസിപ്പാൾമാർക്ക് നിർദേശം നൽകുന്നതിനായി)
2. സൂപ്രണ്ട് (ഇ & എഫ് സെക്ഷൻ)
3. ബന്ധപ്പെട്ട സെക്ഷനുകൾ
4. സിസ്റ്റം അഡ്മിനിസ്റ്റേറ്റർ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)